പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 661 28.09.2016 ൽ മറുപടിക്ക്

## കൊരട്ടി വൈഗൈ ത്രെഡ്സ് കമ്പനിയിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി.ഡി. ദേവസ്സി | ശ്രീ.ടി. പി. രാമകൃഷ്ണൻ<br>(ബഹു.തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) ചാലക്കുടി മണ്ഡലത്തിലെ കൊരട്ടി വൈഗൈ ത്രെഡ്സ് കമ്പനിയിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അർഹമായ കോമ്പൻസേഷൻ തൊഴിലാളികൾക്ക് ലഭ്യമാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ; | (എ) കൊരട്ടിയിലെ വൈഗൈ ത്രെഡ്സ് പ്രോസസേഴ്സ് ലിമിറ്റഡ് BIFR ന്റെ ഉത്തരവ് പ്രകാരം അടച്ചുപൂട്ടുന്നതിനായി കർണ്ണാടക ഹൈക്കോടതിയിലേയ്ക്ക് റഫർ ചെയ്തിരിക്കുകയാണ്. ടി സ്ഥാപനം അടച്ചുപൂട്ടുന്നതിനായുള്ള നടപടികൾ സ്വീകരിക്കുന്നതിനായി ഒരു ലിക്വിഡേറ്ററെ നിയമിച്ചിട്ടുണ്ട്. ടി സ്ഥാപനത്തിലെ തൊഴിലാളികളുടെ വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിന് 23.07.2015- ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും വ്യവസായ, റവന്യൂ, തൊഴിൽ, നിയമ സെക്രട്ടറിമാർ, അഡ്വക്കേറ്റ് ജനറൽ എന്നിവർ ഇക്കാര്യത്തിൽ ചർച്ച ചെയ്ത് ഒരു വ്യക്തമായ നിർദ്ദേശം ലിക്വിഡേറ്റർ മുമ്പാകെ സമർപ്പിക്കണമെന്നും ബഹു. മുഖ്യമന്ത്രി നിർദ്ദേശിച്ചിരുന്നു. ഒഫിഷ്യൽ ലിക്വിഡേറ്റർ മുമ്പാകെ കേരള സർക്കാരിന്റെ ക്ലെയിം സമർപ്പിക്കുന്നതിന് ക്ലെയിം സ്റ്റേറ്റ്മെന്റ് സ്റ്റാൻഡിംഗ് കൗൺസിലിന് കൈമാറിയിട്ടുണ്ടെന്ന് വ്യവസായ വകുപ്പ് അറിയിച്ചിട്ടുണ്ട്. |
| (ബി) ഇതു സംബന്ധിച്ച കോടതി നടപടികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിനും സർക്കാർ പാട്ടത്തിന് കമ്പനിയ്ക്ക് നൽകിയ ഭൂമി തിരികെ എടുക്കുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുമോ ; | (ബി) കേരള സർക്കാർ വൈഗൈ ത്രെഡ്സ് കമ്പനിയ്ക്ക് പാട്ടത്തിന് നൽകിയിരുന്ന ഭൂമി തിരികെ എടുക്കുന്നതിന് റവന്യൂ വകുപ്പ് 04.03.2016-ലെ ജി.ഒ.(എം.എസ്) നം.250/16/റവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) പൂട്ടിപ്പോയ കമ്പനികളിലെ തൊഴിലാളികൾക്ക് ലഭിക്കേണ്ട ഇ.എസ്.ഐ ആനുകൂല്യം വൈഗൈ ത്രെഡ്സ് കമ്പനിയിലെ തൊഴിലാളികൾക്ക് | (സി) അടച്ചുപൂട്ടിയ കമ്പനികളിലെ തൊഴിലാളികൾക്ക് എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് കോർപ്പറേഷനിൽ നിന്നും ലഭിക്കുന്ന രാജീവ് ഗാന്ധി ശ്രമിക് കല്യാൺ യോജന പദ്ധതി പ്രകാരമുള്ള തൊഴിലില്ലായ്മ |

| | |
|---|---|
| ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ? | വേതനം ലഭിക്കുന്നതിന് 1947 ലെ വ്യവസായ തർക്ക നിയമത്തിലെ വകുപ്പ് 25(O) പ്രകാരമാണ് കമ്പനി പൂട്ടിയത് എന്നുള്ള രേഖ ആവശ്യമാണെന്ന് വൈഗൈ ത്രെഡ്സ് കമ്പനിയിലെ ട്രേഡ് യൂണിയനുകൾ സംയുക്തമായി ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത സ്ഥാപനം അടച്ചുപൂട്ടുന്നതിനായി കമ്പനി മാനേജ്മെന്റ് സർക്കാരിൽ സമർപ്പിച്ച അപേക്ഷ 25.02.2013-ലെ ജി.ഒ.(ആർ.റ്റി) നം.374/13/ എൽബിആർ ഉത്തരവ് പ്രകാരം നിരസിച്ചിതിനാൽ മേല്പറഞ്ഞ രേഖ നൽകാൻ തൊഴിൽ വകുപ്പിന് നിർവ്വാഹമില്ലാത്ത സാഹചര്യമാണുള്ളത്. |

**സെക്ഷൻ ഓഫീസർ**